# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5713 29.07.2015-ൽ മറുപടിയ്ക്ക്

### കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ബാബു എം. പാലിശ്ശേരി<br>ശ്രീ സാജു പോൾ<br>ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ ആർ. രാജേഷ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസുകളിൽ മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ സലീംരാജ് ഉൾപ്പെടെ പത്തുപേരെ സി.ബി.ഐ. അറസ്റ്റ് ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കടകംപള്ളി വില്ലേജിലെ 44.5 ഏക്കർ ഭൂമി ഔദ്യോഗിക പദവി ഉപയോഗപ്പെടുത്തി വ്യാജ രേഖയുണ്ടാക്കി തട്ടിയെടുത്തത് സംബന്ധിച്ച പോലീസ്, വിജിലൻസ് അന്വേഷണങ്ങൾ ഫലപ്രദമായിരുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പ്രസ്തുത കേസുകളിൽ വിജിലൻസ് അന്വേഷണം നടന്നുവരവെ സി.ബി.ഐ. അന്വേഷണത്തിന് ബഹു. കേരള ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. |
| (സി) സലീംരാജ് വഴിയുള്ള ഉന്നത ബന്ധങ്ങളാണിതിന് തടസ്സമായി ഭവിച്ചിട്ടുണ്ടായിരുന്നതെന്ന സി.ബി.ഐ. യുടെ ഇപ്പോഴത്തെ നിരീക്ഷണം പരിശോധിക്കുമോ ; | (സി) സി.ബി.ഐ യുടെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ഡി) ഭൂമി തട്ടിപ്പ് കേസുകളിലെ പോലീസിന്റെയും വിജിലൻസിന്റെയും അന്വേഷണ നിഗമനങ്ങൾ എന്തായിരുന്നു; തട്ടിപ്പ് നടത്തുന്നതിന് കൂട്ടുനിന്നവർക്കെതിരെ വിജിലൻസ് ശിപാർശ എന്തായിരുന്നു ? | (ഡി) കേസുകളിൽ പോലീസ്, വിജിലൻസ് അന്വേഷണം നടന്നുവരവെ സി.ബി.ഐ. അന്വേഷണത്തിന് ബഹു. കേരള ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ